## പതിമൂന്നാം കേരള നിയമസഭ

അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4298 — 28.06.2012ൽ മറുപടിയ്ക്ക്

### കോളേജുകളിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

| ചോദ്യം<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കോളേജുകളിലെ ഭാഷാ പഠനകോഴ്സുകളിൽ നിലവിലുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എത്രയെന്ന് അറിയിക്കാമോ ; | (എ) വിവരം ശേഖരിച്ചു വരുന്നു. |
| (ബി) ക്രഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കേണ്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ക്രെഡിറ്റ് & സെമസ്റ്റർ സമ്പ്രദായം സംബന്ധിച്ച് കേരള യൂണിവേഴ്സിറ്റി റെഗുലേഷൻ പ്രകാരം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കേണ്ടതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) കേരള യൂണിവേഴ്സിറ്റിയുടെ റൂൾസ് ആന്റ് റെഗുലേഷനിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:50 എന്ന് നിർണ്ണയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (സി) കേരള യൂണിവേഴ്സിറ്റിയുടെ ക്രെഡിറ്റ് & സെമസ്റ്റർ സിസ്റ്റം പ്രകാരമുള്ള ഡിഗ്രി പ്രോഗ്രാമുകളെ സംബന്ധിച്ച് റെഗുലേഷനിലെ 08/07/2011-ലെ Acad (CBCS)/I/UG/Regi/2011/8 Board of Studies Courses and Sylabbi-ലെ 8.9 പ്രകാരം ഭാഷാ പഠന കോഴ്സുകളിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:50 ആക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) എങ്കിൽ പ്രസ്തുത അനുപാതം എല്ലാ സർക്കാർ കോളേജുകളിലും നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (ഡി) ഈ അനുപാതം എല്ലാ സർക്കാർ കോളേജുകളിലും നടപ്പാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ഇ) പ്രസ്തുത അനുപാതം കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ ഈ അദ്ധ്യയന വർഷം തന്നെ നടപ്പാക്കുമോ; അതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഇ) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:50 ആക്കുന്നതും അതിനു വേണ്ടിവരുന്ന അധിക അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതും സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ